# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2133 11.03.2020-ൽ മറുപടിക്ക്**

## കൈത്തറി തുണിത്തരങ്ങളുടെ ഉപയോഗം

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
|---|---|
| (എ) കൈത്തറി തുണിത്തരങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) കേരള കൈത്തറി വസ്തുങ്ങളുടെ മഹത്തായ പാരമ്പര്യം സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും അച്ചടി മാധ്യമങ്ങളിലൂടെയും കൈത്തറിയുടെ പരസ്യം നൽകി വരുന്നു. കൈത്തറി വസ്തുങ്ങളുടെ തനിമ വിളിച്ചോതുന്ന പരസ്യചിത്രങ്ങൾ പ്രതിവർഷം നിർമ്മിക്കുകയും അത് ഓണത്തോടനുബന്ധിച്ച് കേരളത്തിലെ വിവിധ തിയേറ്ററുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തു വരുന്നു. സ്കൂൾ കുട്ടികളിൽ കൈത്തറി വസ്തുങ്ങളെപ്പറ്റി അവബോധം ഉളവാക്കുവാനായി സെമിനാറുകളും ചിത്രരചനാ മത്സരങ്ങളും ആ മത്സര വേദികളിൽ പ്രദർശന വിപണനമേളകളും സംഘടിപ്പിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തിനകത്ത് ഉൽപാദിപ്പിക്കുന്ന കൈത്തറി തുണിത്തരങ്ങളുടെ വിപണനത്തിന് ഗ്രാന്റ്, റിബേറ്റ് എന്നിവ നൽകി പ്രോത്സാഹിപ്പിക്കുന്നു. |
| (ബി) കൈത്തറി വ്യവസായ പരിശീലനത്തിനായി പുതിയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് പ്രസ്തുത മേഖലയിൽ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) കൈത്തറി വ്യവസായ പരിശീലനത്തിനായി പുതിയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ വിവിധ കൈത്തറി സംഘങ്ങളിൽ നെയ്ത്തു പരിശീലനത്തിനുള്ള സൗകര്യം ഒരുക്കി പരിശീലനം നൽകി വരുന്നു. ഏകദേശം 400 പേർക്ക് കൈത്തറി ഡയറക്ടറേറ്റിനു കീഴിലും 800 ഓളം പേർക്ക് ഹാൻവീവിന് കീഴിലും ഇത്തരത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. |

(സി) കൈത്തറി തുണിത്തരങ്ങളുടെ നിർമ്മാണ മേഖല ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ നൽകിയ ഗ്രാന്റ്, സബ്സിഡി എന്നിവ എത്രയെന്ന് വെളിപ്പെടുത്തുമോ?

(സി) കൈത്തറി തുണിത്തരങ്ങളുടെ നിർമ്മാണ മേഖല ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ നൽകിയ ഗ്രാന്റ്, സബ്സിഡി എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. നൂൽ സബ്സിഡി (തുക ലക്ഷം രൂപയിൽ)**

| | |
|---|---|
| 2016-17 | 150.00 |
| 2017-18 | 103.32 |
| 2018-19 | 55.00 |
| 2019-20 | 44.14 |
| **ആകെ** | **352.46** |

**2. ലൂമിന് അനുബന്ധ ഉപകരണങ്ങൾക്കുള്ള ഗ്രാന്റ് (തുക ലക്ഷം രൂപയിൽ)**

| | |
|---|---|
| 2016-17 | 11.73 |
| 2017-18 | 40.84 |
| 2018-19 | 30.59 |
| 2019-20 | 31.01 |
| **ആകെ** | **114.17** |

**3. സാങ്കേതിക മികവിനുള്ള ഉപകരണങ്ങൾക്കുള്ള ഗ്രാന്റ് (തുക ലക്ഷം രൂപയിൽ)**

| | |
|---|---|
| 2016-17 | 2.29 |
| 2017-18 | 0.59 |
| **ആകെ** | **2.88** |

**സെക്ഷൻ ഓഫീസർ**